## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2406** **14.06.2019-ൽ മറുപടിക്ക്**

### വൈദ്യുതിനയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ പി.കെ.അബ്ദു റബ്ബ്<br>" വി.കെ.ഇബ്രാഹിം കുഞ്ഞ്<br>" പാറക്കൽ അബ്ദുല്ല<br>" അബ്ദുൽ ഹമീദ് പി | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാന സർക്കാരിന്റെ വൈദ്യുതിനയം നിലവിൽ വന്നിട്ടുണ്ടോ ; | (എ) | അടിസ്ഥാന സൗകര്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പു വരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന വൈദ്യുതി കരട് നയം 2019 പ്രസിദ്ധീകരിക്കുകയും ആയതിന്മേലുള്ള പൊതു അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്. |
| (ബി)<br><br><br><br><br><br>(സി) | ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പവരുത്തുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്;<br><br>ഈ നടപടികൾ വൈദ്യുത രംഗത്ത് സ്വയംപര്യാപ്തത നേടാൻ സഹായകരമാകുമോ യെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ? | (ബി) & (സി) | സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രാഥമിക ഊർജ്ജ സ്രോതസ്സുകളിൽ നിന്നും, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ലഭ്യത ഉറപ്പവരുത്തി വരും വർഷങ്ങളിലെ സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത പൂർണ്ണമായും നിറവേറ്റുക എന്നതാണ് കരട് വൈദ്യുത നയം 2019 ലക്ഷ്യമിടുന്നത്. പരിസ്ഥിതിക്ക് ദോഷകരമാവാത്ത രീതിയിൽ, സംഭരണശേഷിയോടു കൂടിയ ജലനിലയങ്ങൾ വികസിപ്പിക്കുക, പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി വിഹിതം വർദ്ധിപ്പിക്കുക, നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുതി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക, നിർമ്മാണം സ്തംഭനത്തിലായ പദ്ധതികൾ ത്വരിതപ്പെടുത്തുക, നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിത ശേഷിയും സംഭരണ ശേഷിയും വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളിലൂടെ ഗുണമേന്മയുള്ള വൈദ്യുതി |

| | | | |
|---|---|---|---|
| | | | 24x7 അടിസ്ഥാനത്തിൽ വർഷം മുഴുവൻ കുറഞ്ഞ ചെലവിൽ ലഭ്യമാക്കാനാണ് കരട് നയം വിഭാവനം ചെയ്യുന്നത്. ഈ നടപടികൾ വൈദ്യുത രംഗത്ത് സ്വയംപര്യാപ്തത നേടാൻ സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ